**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 885** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കൊച്ചി നിയോജകമണ്ഡലത്തിലെ തോപ്പുംപടി ഫിഷറീസ് ഹാർബറിന്റെയും ചെല്ലാനം ഫിഷറീസ് ഹാർബറിന്റെയും നവീകരണവും അടിസ്ഥാനസൗകര്യ വികസനവും.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കൊച്ചി മണ്ഡലത്തിലെ തോപ്പുംപടി ഫിഷറീസ് ഹാർബറിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ടി പ്രദേശത്തെ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനും, സ്ട്രീറ്റ് ലൈറ്റുകളുടെ അഭാവം മൂലമുണ്ടാകുന്ന സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഹാർബർ സമുച്ചയം ആധുനികവത്കരിക്കുന്നതിനുമായി സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** കൊച്ചി മണ്ഡലത്തിലെ തോപ്പുംപടി ഫിഷറീസ് ഹാർബർ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിലല്ല.കേന്ദ്ര സർക്കാരിന്റെ തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രാലയത്തിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ് തോപ്പുംപടി ഫിഷറീസ് ഹാർബർ പ്രവർത്തിക്കുന്നത്.

കൊച്ചി നിയോജക മണ്ഡലത്തിലെ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് വേണ്ടി തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

**(ബി)** ചെല്ലാനം ഫിഷറീസ് ഹാർബറിൽ മത്സ്യത്തൊഴിലാളികൾക്കായി ആധുനിക ശൗചാലയങ്ങളും ശുദ്ധമായ കുടിവെള്ള വിതരണ സംവിധാനവും ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** സ്വീകരിക്കും. ചെല്ലാനം ഫിഷിംഗ് ഹാർബറിൽ നിലവിൽ രണ്ട് ശൗചാലയ ബ്ലോക്കുകൾ നിലവിലുണ്ട്. മത്സ്യതൊഴിലാളികളിൽ നിന്ന് പുതിയ ആവശ്യകത ലഭിക്കുന്നതനുസരിച്ച്, ആവശ്യമായ പരിശോധനകൾ നടത്തിയ ശേഷം ആധുനിക നിലവാരത്തിലുള്ള ശൗചാലയ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രൊപോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കുന്നതാണ്. ശുദ്ധ ജല വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട് NABARD RIDF XXVII പദ്ധതിയിൽ ഉൾപ്പെടുത്തി ഓവർഹെഡ് വാട്ടർ ടാങ്കിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**